സർക്കുലർ നമ്പർ : 01

നമ്മുടെ അധികാരത്തിൽപ്പെട്ട ഡൽഹി ഭദ്രാസനത്തിലെ സകല പള്ളികളുടെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, ഇടവകചുമതലക്കാരും, ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്,

കർത്താവിൽ പ്രിയരേ,

2009 ജനുവരി 1 മുതൽ ഡൽഹി ഭദ്രാസനത്തിന്റെ എപ്പിസ്കോപ്പയായി എന്നെ നിയോഗിച്ചിരിക്കുന്നു എന്ന വിവരം ഇതിനോടകം ഏവരും അറിഞ്ഞിരിക്കുമല്ലോ. ഭദ്രാസന അദ്ധ്യക്ഷൻ എന്ന നിലയിലുള്ള എന്റെ ശുശ്രൂഷകൾ ദൈവഇഷ്ടപ്രകാരം നിർവ്വഹിക്കുന്നതിന് ബഹുമാനപ്പെട്ട അച്ചന്മാരുടെയും ഇടവക ജനങ്ങളുടെയും സഹായ സഹകരണങ്ങളും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ 7 വർഷത്തിൽപരം നമ്മുടെ ഭദ്രാസനത്തിന്റെ ആകമാന വളർച്ചയ്ക്കും, വികസനത്തിനും സംഗതമായ ക്രിസ്തീയ സാക്ഷ്യത്തിനും, സുധീര നേതൃത്വം നൽകിയ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരമേനിയോടുള്ള ഹൃദയംഗമായ നന്ദി ഭദ്രാസനത്തിന്റെ പേരിൽ രേഖപ്പെടുത്തുന്നു. തിരുമേനിയുടെ നിസ്വാർത്ഥമായ സേവനങ്ങളെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

നമ്മുടെ ഓരോ ഇടവകയും ജീവസുറ്റതായി തീരണം. കാലഘട്ടത്തിന്റെ വെല്ലുവിളികളോടും ചുറ്റുപാടുകളോടും സൃഷ്ടിപരമായി പ്രതികരിക്കാനും സജ്ജമാക്കപ്പെടണം. നമ്മുടെ ഭവനങ്ങൾ വിശ്വാസത്തിന്റെ പ്രഭവസ്ഥാനങ്ങളും, കേന്ദ്രങ്ങളുമായി തീരണം. ഇടവകയിലെ കുഞ്ഞുങ്ങളുടെ ആത്മീയ പരിപോഷണത്തിന് കൂടുതൽ ഊന്നൽ നൽകണം. അർത്ഥവത്തായ ക്രിസ്തീയ സാക്ഷ്യത്തിനായി നമ്മുടെ യുവജനങ്ങൾ സജ്ജരാക്കപ്പെടണം. സഭയിൽ ആരും അന്യരായിത്തീരരുത്. വാർദ്ധക്യത്തിൽ കഴിയുന്ന മാതാപിതാക്കൾക്ക് പ്രത്യേക പരിചരണവും കൂട്ടായ്മയും ലഭ്യമാക്കപ്പെടണം. പരസ്പര സ്നേഹത്തിന്റെയും കരുതലിന്റെയും മനോഭാവത്തിൽ ബന്ധങ്ങൾ നിലനിർത്തണം. ആവശ്യമില്ലാത്ത ഭിന്നതകളിൽ നിന്നും ഒഴിഞ്ഞിരിക്കാൻ കഴിയണം. ആരെയും ശത്രുക്കളായികാണാതെ എല്ലാവരിലും പ്രതിഫലിക്കുന്ന ദൈവസ്വരൂപത്തെ അംഗീകരിക്കാനും ആദരിക്കാനും സാധിക്കണം. ഇതര വിശ്വാസ സമൂഹത്തിൽ ഉൾപ്പെട്ടവരോടുള്ള ബന്ധം സ്നേഹത്തിന്റെയും, സഹിഷ്ണതയുടെയും അടിസ്ഥാനത്തിൽ ആയിരിക്കണം.

ദൗത്യ നിർവഹണത്തിനായി വിളിക്കപ്പെട്ടിരിക്കുന്ന സഭയുടെ ഉത്തരവാദിത്വം മനുഷ്യന്റെ പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുക എന്നതാണ്. ലോകത്തെ ദൗത്യനിർവ്വഹണത്തിന്റെ വേദിയാക്കുവാൻ കഴിയണം. സഭ സഭയാകുന്നത് മറ്റുള്ളവർക്ക് വേണ്ടി നിലകൊള്ളുമ്പോഴാണ്. ദരിദ്രരോടും പാവപ്പെട്ടവരോടുമുള്ള പ്രതിബദ്ധത കാട്ടുവാൻ വിളിക്കപ്പെട്ട സഭ ലളിതവും സാധാരണവുമായ ജീവിത ശൈലി സ്വീകരിക്കണം. ദൈവസ്നേഹത്തിന്റെ ദൃശ്യരൂപങ്ങളായി ഓരോ വിശ്വാസിയും തീരണം.

ഈ ലോകത്തോട് അനുരൂപപ്പെടാതെ നന്മയും പൂർണ്ണതയുമുള്ള ദൈവവഹിതം തിരിച്ചറിഞ്ഞ് നമുക്ക് പ്രവർത്തിക്കാം. നമ്മുടെ ഒരുമിച്ചുള്ള ശുശ്രൂഷ ദൈവ നാമമഹത്വത്തിനും തിരുസഭയുടെ കെട്ടുപണിക്കും വളർച്ചയ്ക്കും മുഖാന്തിരമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ

എന്ന്, ക്രിസ്താബ്ദം 2009 ജനുവരി മാസം 01-ാം തീയതി ഡൽഹി മാർത്തോമ്മാ സെന്ററിൽ നിന്നും

**ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**